(ബി) എത്ര സ്ത്രീകളെ കൊല്ലപ്പെട്ടിട്ടുണ്ട്;

(സി) ഇതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ഡി) എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചു;

(ഇ) എത്ര കേസുകൾ വെറുതെ വിട്ടു;

(എഫ്) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) ഇല്ലെങ്കിൽ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 29.

(ബി) ഒരു സ്ത്രീ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(സി) 30.

(ഡി) ആരെയും ഇതുവരെ ശിക്ഷിച്ചിട്ടില്ല.

(ഇ) ഒന്ന്.

(എഫ്) ഭർത്താവിൽ നിന്നോ ഭർതൃബന്ധുക്കളിൽനിന്നോ മാനസികപീഡനങ്ങൾ ഉണ്ടാകുന്നതായി ലഭിക്കുന്ന പരാതികളിൻമേൽ സത്വര നടപടികൾ എടുക്കുന്നുണ്ട്. വിവാഹിതയായ സ്ത്രീകളുടെ അസ്വാഭാവിക മരണം വിവാഹം കഴിഞ്ഞ് ഏഴുവർഷത്തിനകമാണെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമം 498 (എ) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളാറുണ്ട്. ഡി. വൈ. എസ്. പി. യിൽ കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥനാണ് ഇത്തരം കേസുകൾ അന്വേഷിക്കുന്നത്. ഇത്തരം കേസുകളുടെ ഇൻക്വസ്റ്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റാണ് നടത്തുന്നത്. ഡോക്ടർമാരുടെ ഒരു സംഘമാണ് പോസ്റ്റുമോർട്ടം നടത്തുന്നത്.

(ജി) ആവശ്യമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബലാൽസംഗം മൂലം ആത്മഹത്യ ചെയ്തവർ

732 [862] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം 10.6.1986 വരെ ബലാൽസംഗം മൂലം എത്ര പേർ ആത്മഹത്യ ചെയ്തു;

(ബി) ഇതിൽ പട്ടികജാതി–വർഗ്ഗക്കാർ എത്ര?

ഉത്തരം

(എ) ആരും ബലാൽസംഗം മൂലം ആത്മഹത്യ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly